● ജാബിർ എറവക്കാട്

>> അനുഭവം

# സ്നേഹം കൊണ്ടൊരു സഹവാസം

**ലഹരികൊണ്ട് നശ്വരമായ സുഖവും ശാശ്വതമായ നാശവുമാണ് തങ്ങളെ കാത്തിരിക്കുന്നതെന്ന് അവർ അനുഭവിച്ചറിഞ്ഞു. അങ്ങനെയുള്ളവരായിരുന്നു ക്യാമ്പംഗങ്ങളിൽ ഭൂരിഭാഗവും**

**ജമാഅത്തെ** ഇസ്‌ലാമിയുടെ സേവന വിഭാഗമായ ഐ.ആർ.ഡബ്ല്യു മണ്ണാർക്കാട് ചങ്ങലീരി ഇർഷാദ് സ്കൂളിൽ സംഘടിപ്പിച്ച 21 ദിവസം നീണ്ട മദ്യവിമുക്തി സഹവാസ ക്യാമ്പിൽ വളണ്ടിയറായി പങ്കെടുത്തപ്പോഴുണ്ടായ അനുഭവങ്ങൾ പങ്കുവെക്കുകയാണ്.

ക്യാമ്പിൽ പങ്കെടുത്ത ലഹരിക്കടിപ്പെട്ടവരിൽ ഭൂരിപക്ഷവും ചെറിയ പ്രായത്തിലുള്ളവരാണെന്നതാണ് ഏറെ വേദനിപ്പിക്കുന്ന കാര്യം. വെറും പതിനേഴ് വയസ്സു മാത്രം പ്രായമുള്ള ഒരു കുട്ടിയെ ക്യാമ്പിൽ കണ്ടത് ഞെട്ടിലുണ്ടാക്കി. കോഴിക്കോട് ജില്ലയിൽനിന്നു വന്ന അവൻ മുസ്‌ലിം കുടുംബത്തിലെ ഏക മകനാണ്. കൂട്ടുകെട്ടുകളാണവനെ ലഹരിയുടെ അടിമയാക്കിയത്. പിന്നെ പഠനം പോലും എട്ടാം ക്ലാസ്സിനപ്പുറമെത്തിയില്ല. മദ്യവും മയക്കുമരുന്നും പെണ്ണുമെല്ലാം ഈ ചെറുപ്രായത്തിൽതന്നെ അവന്റെ ഭാവി ഇരുട്ടിലാക്കി. അവന്റെ ജീവിതം നന്മയിലേക്ക് തിരിച്ചുപിടിക്കാനായി മാതാപിതാക്കൾ അവനെ ക്യാമ്പിലെത്തിക്കുകയായിരുന്നു.

മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട 43 പേരാണ് ക്യാമ്പിൽ പങ്കെടുത്തത്. പ്രതിദിനം മുന്നൂറ് രൂപക്കും അഞ്ഞൂറു രൂപക്കുമൊക്കെ മദ്യം കഴിച്ചിരുന്നവരുണ്ട് കൂട്ടത്തിൽ. ദിവസം 25-ഉം 30-ഉം പാൻ പാക്കുകൾ ഉപയോഗിച്ചിരുന്നവർ. പട്ടച്ചാരായം മുതൽ ഫൈവ്സ്റ്റാർ ബാറുകളിലെ മുന്തിയ വിദേശ ബ്രാന്റുകൾക്കു വരെ അടിപ്പെട്ടവർ. ഒരാൾ നഗരത്തിലെ പ്രധാന ഗുണ്ടയായിരുന്നു. കള്ളനോട്ട്, അടിപിടി, പിടിച്ചുപറി കേസുകളിലകപ്പെട്ടവരും അവരിലുണ്ട്. അവർക്കൊക്കെ ഇപ്പോൾ ലഹരിയുടെ തിന്മകളെക്കുറിച്ച് തികഞ്ഞ ബോധവും ബോധ്യവും ഉണ്ട്. ലഹരി കൊണ്ട് നശ്വരമായ സുഖവും ശാശ്വതമായ നാശവുമാണ് തങ്ങളെ കാത്തിരിക്കുന്നതെന്ന് അവർ അനുഭവിച്ചറിഞ്ഞു. അങ്ങനെയുള്ളവരായിരുന്നു ക്യാമ്പംഗങ്ങളിൽ ഭൂരിഭാഗവും.

ക്യാമ്പിൽ പങ്കെടുത്ത ചില യുവാക്കൾക്ക് വായിൽ മുൻനിരയിൽ മൂന്നും നാലും പല്ലുകളില്ല. ചിലരുടെ മുഖത്തും നെറ്റിയിലും തലയിലുമൊക്കെ ആഴമുള്ള മുറിയടയാളങ്ങൾ. ആ അടയാളങ്ങൾക്ക് ഓരോന്നിനും പറയാനുണ്ട് അറപ്പുളവാക്കുന്ന നിരവധി കഥകൾ; കള്ള് കുടിച്ച് ഓവു ചാലിൽ വീണതിന്റെയും റോഡിൽ കിടന്നുരുണ്ടതിന്റെയുമൊക്കെ. അവരിൽ ചിലരുടെ കൈകൾ ആലില പോലെ വിറച്ചുകൊണ്ടേയിരിക്കുന്നു. ഒരു ഗ്ലാസ് ചായ കുടിക്കണമെങ്കിൽ രണ്ടു കൈയും കൂട്ടിപ്പിടിക്കണം. ചിലർ ഭക്ഷണത്തിന്റെ രുചി അറിയുന്നില്ല. അവരുടെ ഓരോ അവയവത്തെയും ലഹരി തളർത്തിയിരിക്കുന്നു.

മദ്യപാനം അവർക്കൊന്നും നേടിക്കൊടുത്തില്ല. നഷ്ടങ്ങളുടെ കണക്കാണെങ്കിൽ വളരെ വലുതും. ഉറ്റവർ, ഉടയവർ, സ്നേഹിതർ പലരും അവരിൽനിന്നകന്നുപോയി. ആരോഗ്യമാണെങ്കിൽ ദിനേന ക്ഷയിച്ചു വരുന്നു. ക്യാമ്പിൽ കുറച്ചു ദിവസം ലഹരി വിമുക്തമായ ജീവിതം കിട്ടിയപ്പോഴാണ് പലർക്കും ഭക്ഷണത്തിന്റെ രുചിതന്നെ അറിയാനായത്.

ലഹരിക്ക് അടിപ്പെടാൻ പലവിധ കാരണങ്ങളാണുള്ളത്. അധികപേർക്കും ചീത്തകൂട്ടുകെട്ടുകളാണ് വിനയായത്. തെറ്റിലേക്ക് മാടിവിളിക്കുന്ന, സകലവിധ പ്രലോഭനങ്ങളുമടങ്ങിയ നമ്മുടെ സാമൂഹികാന്തരീക്ഷം തന്നെയാണ് അവരെ ഈ അവസ്ഥയിലെത്തിച്ചത്. ജീവിതത്തിൽ മുഴുകുടിയനാവണമെന്ന് ആഗ്രഹിക്കുന്ന ഒരാളും ലോകത്തുണ്ടാവില്ല. അതിനാൽ ഈ നാശംപിടിച്ച ജീവിതത്തിൽനിന്ന് ഒരു മടക്കയാത്ര ഓരോരുത്തരും കൊതിക്കുന്നു. ആ ആഗ്രഹത്തെ വേണ്ടവിധം തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും ലഹരി വിമുക്തിക്കായി സംവിധാനങ്ങളൊരുക്കാനും സമൂഹം സന്നദ്ധരാവുന്നില്ല എന്നതാണ് പ്രശ്നം. ഈ അവസ്ഥക്ക് ഒരളവുവരെ പരിഹാരമാണ് ഇത്തരം മദ്യവിമുക്തി സഹവാസ ക്യാമ്പുകൾ.

ക്യാമ്പംഗങ്ങളിൽ ചിലർ മുമ്പ് പലതവണ മദ്യം ഉപേക്ഷിക്കാൻ ശ്രമം നടത്തിയിട്ടുള്ളവരാണ്. സന്ദർഭവശാൽ അതിൽതന്നെ പോയി വീഴുകയായിരുന്നു. ക്യാമ്പിൽ കണ്ട 50 വയസ്സുകാരനായ ഒരാൾ മുമ്പ് പലതവണ 'കുടി' നിർത്തിയതാണ്. നിർത്തിയ 'കുടി' പുനരാരംഭിക്കുന്നത് അമ്പലങ്ങളിലെ ഉത്സവം പോലുള്ള വിശേഷ ദിവസങ്ങളിൽ ഭക്തിയുടെ പേരിലും.

ക്യാമ്പ് സ്ഥലത്ത് മദ്യത്തിന്റെ ദോഷ വശങ്ങൾ തുറന്നു കാട്ടുന്ന കേരള എക്സൈസ് വകുപ്പിന്റെ പേരിലുള്ള ഒരു പോസ്റ്റർ ചുവരിൽ പതിച്ചിട്ടുണ്ട്. അതിനു നേരെ വിരൽ ചൂണ്ടി ഒരു ക്യാമ്പംഗം പറഞ്ഞു, 'മദ്യപാനം ഇല്ലാതാവണമെങ്കിൽ ആദ്യം പിടിക്കേണ്ടത് എക്സൈസുകാരെയാണ്. അവരാണ് ഇതിനൊക്കെ ഒത്താശ ചെയ്യുന്നത്.'

ലഹരിയുടെ കാണാകയങ്ങളിൽനിന്ന് നന്മയുടെ കരയിലേക്ക് കയറിവരാനാണ് അവർ ഒത്തുചേർന്നത്. 21 ദിനരാത്രങ്ങൾ ഒരുമിച്ച് ഉറങ്ങിയും ഭക്ഷണം കഴിച്ചും ചിരിച്ചും അറിഞ്ഞും അവർ ഒരു പുതിയ ജീവിതശൈലി പഠിക്കുകയായിരുന്നു. മദ്യവും ലഹരിയുമില്ലാത്ത, സ്നേഹവും സൗഹൃദവും ചേർത്തുപിടിച്ച ഒരു പുതിയ ജീവിതം. ഇനിയൊരിക്കലും ലഹരിയിലേക്ക് മടങ്ങില്ലെന്ന് അവർ ഒറ്റക്കും കൂട്ടായും ശപഥം ചെയ്യുന്നു. ആ ശപഥം കേട്ട് സന്തോഷകണ്ണുനീർ പൊഴിക്കാൻ അവരുടെ മാതാപിതാക്കളും ഭാര്യമാരും മക്കളും വന്നുചേരുന്നു. വ്യവസ്ഥാപിതമായ ക്ലാസുകളിലൂടെയും തുടർച്ചയായ കൗൺസലിംഗിലൂടെയും അതിലേറെ അവരോടൊത്ത് സഹവസിച്ചും ഇടപഴകിയും അവരിലൊരു പുതു ജന്മത്തിന്റെ പ്രതീതി സൃഷ്ടിക്കാൻ സംഘാടകർക്ക് കഴിഞ്ഞു. നാൽപത്തിമൂന്ന് ജീവിതങ്ങൾ അവിടെ തിരിച്ചു വരവിനൊരുങ്ങുകയാണ്. ആ കുടുംബങ്ങൾക്ക് അവരുടെ മകനെ, സഹോദരനെ, ഭർത്താവിനെ, പിതാവിനെ തിരിച്ചു കിട്ടുകയാണ്. ആ കുടുംബങ്ങളിൽ സന്തോഷവും സൗഹാർദവും സ്നേഹവും തിരിച്ചു വരികയാണ്. ദൈവം അവരെ അനുഗ്രഹിക്കട്ടെ. മദ്യവിമുക്തി സഹവാസ ക്യാമ്പുകൾ കേരളത്തിലാകമാനം നടക്കട്ടെ. ■